പതിനാലാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.563** 24/01/2018 ൽ മറുപടിക്ക്

## സ്റ്റീൽ കമ്പനികളെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ സ്റ്റീൽ കമ്പനികൾ പലതും പൂട്ടിയതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ സ്റ്റീൽ കമ്പനികൾ പൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.എന്നാൽ പ്രവർത്തനം നിലച്ചവയിൽ ചില കമ്പനികൾ വീണ്ടും പ്രവർത്തനമാരംഭിക്കുന്നതിനു നടപടി പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) സ്റ്റീൽ കമ്പനികൾ പൂട്ടിയത് മൂലം എത്ര പേർക്ക് തൊഴിൽ നഷ്ടം ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) സ്റ്റീൽ കമ്പനികൾ പൂട്ടിയത് മൂലം ഉണ്ടായ തൊഴിൽ നഷ്ടം കണക്കാക്കിയിട്ടില്ല. |
| (സി) സംസ്ഥാനത്തെ സ്റ്റീൽ കമ്പനികളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) സ്വകാര്യ മേഖലയിലെ സ്റ്റീൽ കമ്പനികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ വ്യവസായവകുപ്പിൻെറ അധീനതയിൽ സ്റ്റീൽ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ് സെയിൽ എസ്.സി.എൽ കേരള ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ആൻറ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ് എന്നിവ. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി പ്രവർത്തന മൂലധനസഹായവും ഉചിതമായ നവീകരണ വിപുലീകരണ പദ്ധതികളും സർക്കാർ സഹായത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ